പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2900 18.08.2017-ലെ മറുപടിക്ക്

'ഭൂപരിഷ്കരണ നിയമപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമി'

ചോദ്യം

ശ്രീ. പി.സി.ജോർജ്

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം ലംഘിച്ച് 15 ഏക്കറിൽക്കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പട്ടിക തയ്യാറാക്കൽ പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | പരിധിയിലധികം ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പട്ടിക പൂർത്തിയായിട്ടില്ല. |
| (ബി) | ഒരു കുടുംബത്തിൽ അച്ഛൻ, അമ്മ, കല്യാണം കഴിക്കാത്ത മക്കൾ എന്നിവരടങ്ങിയ കുടുംബത്തിന് ഭൂപരിഷ്കരണ നിയമപ്രകാരം എത്ര ഏക്കർ ഭൂമി കൈവശം വയ്ക്കാം; വിശദമാക്കുമോ? | (ബി) | കേരള ഭൂപരിഷ്കരണ നിയമത്തിലെ 82(1)(ബി) പ്രകാരം രണ്ടോ അതിൽ കൂടുതലോ എന്നാൽ അഞ്ചിൽ കൂടാതെയും അംഗങ്ങളുള്ള ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമി പത്ത് സ്റ്റാൻഡേർഡ് ഏക്കറാണ്. എന്നാൽ ഏതു വിധത്തിലായാലും പരമാവധി വിസ്തീർണ്ണം പന്ത്രണ്ട് സാധാരണ ഏക്കറിൽ കുറയാനോ പതിനഞ്ച് സാധാരണ ഏക്കറിൽ കൂടാനോ പാടില്ല.<br>ടി നിയമത്തിലെ സെക്ഷൻ 82 (1) (സി) പ്രകാരം അഞ്ച് അംഗങ്ങളിൽ കൂടുതലുള്ള ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമി പത്ത് സ്റ്റാൻഡേർഡ് ഏക്കറാണ്. എന്നാൽ അഞ്ചിലധികമുള്ള ഓരോ അംഗത്തിനും ഒരു സ്റ്റാൻഡേർഡ് ഏക്കർ കൂടി അധികമായി കൈവശം വയ്ക്കാം. എന്നാൽ ഏതു വിധത്തിലായാലും പരമാവധി വിസ്തൃതി പന്ത്രണ്ട് സാധാരണ ഏക്കറിൽ കുറയാനോ ഇരുപത് സാധാരണ ഏക്കറിൽ കൂടുവാനോ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ